## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2251      17/02/2016-ൽ മറുപടിക്ക്

## അട്ടപ്പാടി മേഖലയിലെ ശിശു മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ശിശുമരണം പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ; | എ) | അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ ശിശുമരണങ്ങൾ തടയുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും. നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ടി വിഭാഗക്കാർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അടിയന്തിര ഘട്ടങ്ങളിൽ ചികിത്സയ്ക്ക് എത്തിക്കുന്നതിന് 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഗുരുതര വിളർച്ച രോഗമുള്ള കുട്ടികളെ (SAM/MAM) പരിചരിക്കുന്നതിന് കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള 3 ന്യൂട്രിഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി ജന്മരക്ഷാ പദ്ധതി, സാമൂഹ്യ നീതി വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന സമൂഹ അടുക്കളകൾ, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം നൽകുന്ന ശബല പദ്ധതി, വിവാഹിതരായ സ്ത്രീകൾക്കും ഗർഭിണികൾക്കും അയൺ, ഫോളിക് ആസിഡ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.<br><br>അംഗനവാടി വർക്കേഴ്സ്, ആശാ വർക്കേഴ്സ്, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ കൃത്യമായ ഇടവേളകളിൽ ഊരുകൾ |

| | | | |
|---|---|---|---|
| | | | സന്ദർശിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിർദ്ദേശം നൽകുകയും ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. അട്ടപ്പാടിയിലെ ശിശുമരണം സർക്കാരിന്റെ കർമ്മപരിപാടികളിലൂടെയും സാർത്ഥകമായ ഇടപെടലുകളുടെയും ഫലമായി വളരെയധികം കുറച്ച് കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര ശിശു മരണങ്ങൾ നടന്നു; വിശദവിവരം നൽകുമോ; | ബി) | 77 എണ്ണം<br><br>2012 - 16<br>2013 - 31<br>2014 - 15<br>2015 - 14<br>2016 - 01<br>**ആകെ- 77** |
| സി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ചിരുന്ന മുഴുവൻ ആനുകൂല്യങ്ങളും പദ്ധതികളും നടപ്പാക്കിയിട്ടുണ്ടോ; | സി) | സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കി വരുന്നു. |
| ഡി) | ഇവയിൽ നടപ്പാക്കാത്ത പദ്ധതി കളുണ്ടോ; എത്ര ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു ; വിശദാംശം നൽകുമോ? | | നടപ്പിലാക്കാത്ത പദ്ധതികളില്ല. |

സെക്ഷൻ ഓഫീസർ